LIBRARY ARCHIVES Kerala Legislative Assembly

അന്യസംസ്ഥാന ലോട്ടറി നിയന്ത്രണം

252 (592) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി നിയന്ത്രണ നിയമത്തിലെ നാലാം വകുപ്പ് പ്രകാരം പാലക്കാട്ടെ വാണിജ്യ നികുതി അസിസ്റ്റന്റ് കമ്മീഷണർ 2006 ഒക്ടോബർ 27-ന് നൽകിയ നോട്ടീസിനെതിരെ ബഹു. ഹൈക്കോടതിയിൽ നിന്നുണ്ടായ വിധിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത വിധിക്കെതിരെ 2007-ൽ സുപ്രീംകോടതിയിൽ സർക്കാർ നൽകിയ ഹർജിയിൽ ഉണ്ടായ വിധിയുടെ പകർപ്പ് ലഭിച്ചിട്ടുണ്ടോ ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) അന്യ സംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കാൻ, വിധിയെ തുടർന്ന് സ്വീകരിച്ച നടപടി എന്താണ് ; പ്രസ്തുത വിഷയത്തിൽ ഫലപ്രദമായ നടപടി സ്വീകരിക്കാനുള്ള അധികാരം നിക്ഷിപ്തമായിരിക്കുന്നത് എവിടെയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 30-3-2007-ലെ W.A.(C)No.101/2007(A)-നമ്പർ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ, കേന്ദ്ര ഭാഗ്യക്കുറി (നിയന്ത്രണ നിയമം) 1998-ന്റെ സെക്ഷൻ 4 പ്രകാരമുള്ള വ്യവസ്ഥകൾ ലംഘിച്ചതിന്റെ പേരിൽ മേഘ ഡിസ്ട്രിബ്യൂട്ടേഴ്സ് ഉടമ ശ്രീ. ജോൺ കെന്നടിക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകുന്നതിന് പാലക്കാട് വാണിജ്യ നികുതി അസിസ്റ്റന്റ് കമ്മീഷണർക്ക് അധികാരമില്ലെന്ന് വിധിച്ചിരുന്നു.

(ബി) ലഭിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) അന്യ സംസ്ഥാന ലോട്ടറികൾ ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നില്ല. അന്യ സംസ്ഥാന ലോട്ടറികളുടെ വിൽപ്പന അനുവദിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച അപേക്ഷകൾ ലോട്ടറി നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും നാഗാലാന്റ് ലോട്ടറിയുടെ വിൽപ്പന കേരളത്തിൽ നടത്തുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് M/s. ഫ്യൂച്ചർ ഗയ്മിംഗ് സൊല്യൂഷൻസ് (പ്രൈ.) ലിമിറ്റഡ് എന്ന ഏജൻസി സമർപ്പിച്ച അപേക്ഷ നിരസിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലുകളുടെ ഫലമായി കേന്ദ്ര സർക്കാർ സിക്കിം ലോട്ടറികളുടെ വിൽപ്പന രണ്ട് വർഷത്തേയ്ക്ക് സംസ്ഥാനത്ത് നിരോധിച്ചിരുന്നു. പ്രസ്തുത നിരോധനം നീട്ടികിട്ടുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി വരികയാണ്. കൂടാതെ ട്രട്ടാൻ ലോട്ടറി, ഇതു സംബന്ധിച്ച CBI കേസ്സുകളുടെ അന്വേഷണം പൂർത്തിയാകുന്നതുവരെ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. ലോട്ടറി മാഫിയകളുടെ നിയമ ലംഘനങ്ങളും തടയുന്നതിനും ലോട്ടറി നിയമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിക്കപ്പെടുന്നതിനും ഒരു സംസ്ഥാനത്തിന്റെ ഭാഗ്യക്കുറികൾ മറ്റ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതിന് ബന്ധപ്പെട്ട സംസ്ഥാനങ്ങൾ തമ്മിൽ ഒരു ഉടമ്പടി കരാറിൽ ഒപ്പിടേണ്ടതാണെന്നതരത്തിൽ ലോട്ടറി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അന്യ സംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കുന്ന വിഷയത്തിൽ ഫലപ്രദമായ നടപടി സ്വീകരിക്കുവാനുള്ള അധികാരം കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിക്ഷിപ്തമാണെങ്കിലും ലോട്ടറി നിരോധിക്കുവാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല. കൂടാതെ അന്യ സംസ്ഥാന ലോട്ടറികളുടെ അനധികൃത വിൽപ്പന തടയുന്ന കാര്യത്തിൽ ജില്ലാതല/സംസ്ഥാനതല മോണിറ്ററിംഗ് സമിതികളും രൂപീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly